പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2814 14/02/2013-ൽ മറുപടിക്ക്

## ട്രൈബൽ കിന്റർ ഗാർട്ടൻ

ചോദ്യം മറുപടി

ശ്രീ. ഇ.കെ.വിജയൻ :

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സംസ്ഥാനത്ത് ട്രൈബൽ കോളനികളിൽ എത്ര ട്രൈബൽ കിന്റർ ഗാർട്ടൻ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | 25 കിന്റർ ഗാർട്ടനുകൾ പ്രവർത്തിച്ചു വരുന്നു. |
| ബി) | ഇത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിലവിൽ എന്ത് തുക വേതനമായി ലഭിക്കുന്നുണ്ട്; തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | ബി) | ടീച്ചർക്ക് പ്രതിമാസം 1000/-രൂപയും ആയക്ക് 500/-രൂപയും നൽകി വരുന്നു. |
| സി) | നാദാപുരം മണ്ഡലത്തിലെ വിലങ്ങാട് അടുപ്പിൽ കോളനിയിൽ പ്രവർത്തിക്കുന്ന ട്രൈബൽ കിന്റർ ഗാർട്ടനിലെ അദ്ധ്യാപികയ്ക്കും, ഹെൽപ്പർക്കും എത്ര തുക വേതനം ലഭിക്കുന്നുണ്ട്; വ്യക്തമാക്കാമോ; തുച്ഛമായി വേതനം ലഭിക്കുന്ന പ്രസ്തുത തസ്തികകളിലുള്ള ജീവനക്കാർക്ക് തുക വർദ്ധനവിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | നാദാപുരം മണ്ഡലത്തിലെ വിലങ്ങാട് അടുപ്പിൽ കോളനിയിൽ പ്രവർത്തിക്കുന്ന ട്രൈബൽ കിന്റർ ഗാർട്ടനിലെ അദ്ധ്യാപികയ്ക്ക് 1000/-രൂപയും, ഹെൽപ്പർക്ക് 500/-രൂപയും വേതനമായി ലഭിക്കുന്നുണ്ട്. ട്രൈബൽ കിന്റർ ഗാർട്ടൻ ടീച്ചർമാരുടെയും, ആയമാരുടെയും വേതനം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ